

Scan for location

## പ്രധാന സവിശേഷതകൾ

- 3 നിലകളിലായി 51,715 ചതുരശ്ര അടി കൺവെൻഷൻ സെന്റർ.
- 640 ഇരിപ്പിടങ്ങളും അത്യാധുനിക ശബ്ദ സംവിധാനവുമുള്ള പൂർണ്ണമായും എയർകണ്ടീഷൻ ചെയ്ത ഹാൾ.
- 100 പേർക്കുള്ള മീറ്റിംഗ് ഹാൾ.
- വിഐപി ലോഞ്ച്.
- ഗസ്റ്റ് റൂം & ബിസിനസ് ലോഞ്ച്.
- 20 പേർക്കുള്ള മിനികോൺഫറൻസ് റൂം.
- 300 പേർക്കുള്ള ഡൈനിംഗ് ഹാൾ.
- വിശാലമായ പാർക്കിംഗ് സൗകര്യം.

Kerala Industrial Infrastructure Development Corporation, Sasthamangalam, Trivandrum - 695 010




**ഉദ്ഘാടനം**



**ശ്രീ. പി.രാജീവ്**
ബഹു. നിയമ,വ്യവസായ,
കയർ വകുപ്പ് മന്ത്രി

# കിൻഫ്ര ഇന്റർനാഷണൽ കൺവെൻഷൻ സെന്റർ

# ഉദ്ഘാടനം

**2025 ജനുവരി 18, വൈകുന്നേരം 03.30ന്**
**കാക്കനാട്, എറണാകുളം**

INVEST KERALA GLOBAL SUMMIT
FEB 21-22, 2025 | KOCHI

ബഹുമാന്യരേ,

സംസ്ഥാന വ്യവസായ വകുപ്പിന്റെ കീഴിൽ, കിൻഫ്രയുടെ നേതൃത്വത്തിൽ എറണാകുളം കാക്കനാട് നിർമ്മിച്ച ഇന്റർനാഷണൽ കൺവെൻഷൻ സെന്ററിന്റെ ഉദ്ഘാടനം ജനുവരി 18നു വൈകുന്നേരം 3.30നു **ബഹു: കേരള സംസ്ഥാന നിയമ, വ്യവസായ, കയർ വകുപ്പ് മന്ത്രി ശ്രീ. പി. രാജീവ്** അവർകൾ നിർവഹിക്കും.

കേരള സർക്കാരിന് വേണ്ടി വ്യാവസായിക പ്രോത്സാഹനത്തിനും അനുബന്ധ പ്രവർത്തനങ്ങൾക്കുമായാണ് കൊച്ചി കാക്കനാടിൽ, കിൻഫ്ര കൺവെൻഷൻ സെന്റർ വിഭാവനം ചെയ്തിരിക്കുന്നത്. പൊതുയോഗങ്ങൾ, കൺവെൻഷനുകൾ, പ്രദർശനങ്ങൾ, വ്യാവസായിക പ്രചരണങ്ങൾ തുടങ്ങിയവയ്ക്കുള്ള ലക്ഷ്യസ്ഥാനമായാണ് പദ്ധതി ആസൂത്രണം ചെയ്തിരിക്കുന്നത്. വൻകിട സമ്മേളന സെന്ററുകളുടെ സൗകര്യങ്ങൾക്ക് കിട പിടിക്കുന്ന തരത്തിലാണ് കൺവെൻഷൻ സെന്റർ സജ്ജമാക്കിയിട്ടുള്ളത്. 51,715 ചതുരശ്രയടി നിർമിത വിസ്തീർണമുള്ള കൺവെൻഷൻ സെന്ററിൽ 640 പേർക്ക് ഇരിക്കാവുന്ന എയർകണ്ടിഷൻഡ് കൺവെൻഷൻ ഹാൾ, മീറ്റിംഗ് ഹാൾ, മിനി കോൺഫറൻസ് റൂം, ഒരേ സമയം 300 പേർക്ക് വരെ ഭക്ഷണം നൽകാൻ കഴിയുന്ന ഡൈനിങ്ങ് ഏരിയ, 500 വാഹനങ്ങൾ പാർക്ക് ചെയ്യാൻ കഴിയുന്ന അതി വിശാലമായ പാർക്കിംഗ് ഏരിയ തുടങ്ങിയവ കൺവെൻഷൻ സെന്ററിന്റെ ഭാഗമാണ്. കൊച്ചി നഗരത്തിന്റെ സമ്മേളന പ്രസക്തിക്കും, പ്രശസ്തിക്കും, കിൻഫ്ര ഒരുക്കുന്ന അന്താരാഷ്ട്ര കൺവെൻഷൻ സെന്റർ ഒരു മുതൽകൂട്ടാകും.

ബഹു: തൃക്കാക്കര മുനിസിപ്പാലിറ്റി ചെയർപേഴ്സൺ ശ്രീമതി. രാധാമണി പിള്ള, എറണാകുളം ജില്ലാ കളക്ടർ തുടങ്ങി മറ്റു പ്രമുഖരും പങ്കെടുക്കുന്ന ഉദ്ഘാടന ചടങ്ങിലേക്ക് ഏവരുടെയും മഹനീയ സാന്നിധ്യം സ്നേഹപൂർവം സ്വാഗതം ചെയ്യുന്നു.

**ശാരദ മുരളീധരൻ ഐ.എ.എസ്.**
ചീഫ് സെക്രട്ടറി, കേരള സർക്കാർ
& ചെയർമാൻ, കിൻഫ്ര

**എ.പി.എം. മുഹമ്മദ് ഹനീഷ് ഐ.എ.എസ്.**
പ്രിൻസിപ്പൽ സെക്രട്ടറി, ഇൻഡസ്ട്രീസ്
കേരള സർക്കാർ

**സന്തോഷ് കോശി തോമസ്**
മാനേജിംഗ് ഡയറക്ടർ, കിൻഫ്ര

## കാര്യപരിപാടി

| | | |
|---|---|---|
| **സ്വാഗതം & പ്രൊജക്റ്റ് അവതരണം** | : | **ശ്രീ. സന്തോഷ് കോശി തോമസ്**<br>മാനേജിംഗ് ഡയറക്ടർ, കിൻഫ്ര |
| **അദ്ധ്യക്ഷൻ** | : | **ശ്രീ. എ.പി.എം. മുഹമ്മദ് ഹനീഷ് ഐ.എ.എസ്.**<br>പ്രിൻസിപ്പൽ സെക്രട്ടറി, ഇൻഡസ്ട്രീസ് |
| **ഉദ്ഘാടനം** | : | **ശ്രീ. പി. രാജീവ്**<br>**ബഹു. നിയമ, വ്യവസായ, കയർ വകുപ്പ് മന്ത്രി** |
| **മുഖ്യപ്രഭാഷണം** | : | **ശ്രീമതി. രാധാമണി പിള്ള**<br>ചെയർപേഴ്സൺ, തൃക്കാക്കര മുനിസിപ്പാലിറ്റി |
| **പ്രത്യേക പ്രഭാഷണം** | : | **ശ്രീ. എൻ.എസ്.കെ. ഉമേഷ് ഐ.എ.എസ്.**<br>ജില്ലാ കളക്ടർ, എറണാകുളം |
| **ആശംസ** | : | **ശ്രീ. എം.ഒ. വർഗീസ്**<br>കൗൺസിലർ, 11-ാം വാർഡ്, തൃക്കാക്കര മുനിസിപ്പാലിറ്റി<br>**ശ്രീ. സാബു ജോർജ്ജ്**<br>ചെയർമാൻ, കിൻഫ്ര എക്സ്പോർട്ട് പ്രൊമോഷൻ ഇൻഡസ്ട്രിയൽ പാർക്ക്<br>**ഡോ: എം.ഐ സഹദുള്ള**<br>ചെയർമാൻ, FICCI കേരള സ്റ്റേറ്റ് കൗൺസിൽ<br>**ശ്രീ.വിനോദ് മഞ്ഞില**<br>ചെയർമാൻ, CII കേരള സ്റ്റേറ്റ് കൗൺസിൽ<br>**ശ്രീ. പാലേരി രമേശൻ**<br>ചെയർമാൻ, യു.എൽ.സി.സി.എസ് ലിമിറ്റഡ് |
| **സാന്നിധ്യം** | : | **ശ്രീ. ബേബി ഉഴുത്തുവാൽ**<br>ചെയർമാൻ, കിൻഫ്ര ഫിലിം ആൻഡ് വീഡിയോ പാർക്ക്<br>**ഡോ: ടി. ഉണ്ണികൃഷ്ണൻ**<br>ജനറൽ മാനേജർ (പ്രോജെക്ട്സ്), കിൻഫ്ര |
| **നന്ദി** | : | **ശ്രീമതി. അമ്പിളി റ്റി.ബി**<br>ജനറൽ മാനേജർ (പി&ബിഡി), കിൻഫ്ര |